ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 04.08.2025** **TIME : 12.50 PM**

## പ്രധാന

1. പാർലമെന്റിൽ, പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ രണ്ട് മണിവരെ നിർത്തിവച്ചു. അന്തരിച്ച ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഷിബു സോറനോടുള്ള ആദരസൂചകമായി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

   **In Parliament, the Lok Sabha was adjourned till 2 pm due to opposition uproar. The Rajya Sabha adjourned for the today as an honour to the late former Jharkhand Chief Minister Shibu Soren.**

2. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസ് ഇന്ന് ന്യൂഡൽഹിയിലെത്തും.

Philippine President Ferdinand R. Marcos will arrive in New Delhi today for a five-day visit.

3. പ്രഥമ ബിംസ്റ്റെക് പരമ്പരാഗത-സംഗീതോത്സവം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഇന്ന് ഉദ്ഘാടനം ചെയ്യും.

External Affairs Minister S. Jaishankar will inaugurate the first BIMSTEC Traditional Music Festival at Bharat Mandapam in New Delhi today.

4. ഓപ്പറേഷൻ മഹാദേവിൽ കൊല്ലപ്പെട്ട, പഹൽഗാം ഭീകരാക്രമണത്തിൽ ഉൾപ്പെട്ട മൂന്ന് ഭീകരർ, ലഷ്കർ-ഇ-തൊയ്ബയിയുമായി ബന്ധമുള്ളവരെന്ന് സ്ഥിരീകരണം.

Three terrorists killed in Operation Mahadev, involved in the Pahalgam terror attack, confirmed to have affiliation with Lashkar-e-Toiba.

5. കേരളത്തിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മൽസ്യ ബന്ധനത്തിന് വിലക്ക്.

**IMD has predicted strong winds and rain in Kerala. Rain warning in all districts. Fishing banned off the coasts of Kerala and Lakshadweep.**

**&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&**

## PARLIAMENT-MONSOON SESSION

പാർലമെന്റിന്റെ വർഷകാല സമ്മേളനം പുനഃരാരംഭിച്ചു. അന്തരിച്ച ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും എംപി യുമായ ഷിബു സോറനോടുള്ള ആദരസൂചകമായി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. അതേസമയം, വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചിരിക്കുകയാണ്.

**&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&**

## PARL. MANDAVIA- LS (INTRO)

റോസ്ഗർ മേളയിലൂടെ കഴിഞ്ഞ 16 മാസത്തിനിടെ 11 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കിയതായി കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 4 കോടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പ്രധാനമന്ത്രി വിക്സിത് ഭാരത് റോസ്ഗർ യോജനയ്ക്ക് കീഴിൽ 2 ലക്ഷം

കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ശ്രീ മാണ്ഡവ്യ വ്യക്തമാക്കി.

**(ഹോൾഡ്)**

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## PHILIPPINES PRESIDENT VISIT

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസ് ഇന്ന് ന്യൂഡൽഹിയിലെത്തും. കാബിനറ്റ് മന്ത്രിമാർ ഉൾപ്പെടെയുള്ള ഉന്നതതല പ്രതിനിധി സംഘം അദ്ദേഹത്തോടൊപ്പമുണ്ടാകും. നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഫിലിപ്പീൻസ് പ്രസിഡന്റ് ഉഭയകക്ഷി ചർച്ച നടത്തും. തുടർന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവിനെയും സന്ദർശിക്കും. ഇരു രാജ്യങ്ങളും തമ്മിൽ സമുദ്ര മേഖല, പ്രാദേശിക സമാധാനം തുടങ്ങിയവയിൽ പൊതുവായ താൽപര്യം നിലനിൽക്കുന്നത് ഉഭയകക്ഷി സഹകരണം ദൃഢമാക്കുമെന്ന് ഫിലിപ്പീൻസ് പ്രസിഡന്റ് പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## OPERATION MAHADEV

ഓപറേഷൻ മഹാദേവിൽ കൊല്ലപ്പെട്ട മൂന്ന് ഭീകരർ പഹൽഗാം ഭീകരാക്രമണത്തിൽ ഉൾപ്പെട്ട പ്രധാനികളെന്ന് സ്ഥിരീകരിച്ചു. ഫോറൻസിക് തെളിവുകളുടെ

അടിസ്ഥാനത്തിലാണ് പാകിസ്ഥാൻ ആസ്ഥാനമായ ഭീകര സംഘടന, ലഷ്കർ-ഇ-തൊയ്ബ യുമായി ഇവർക്ക് ബന്ധമുണ്ടെന്ന് സ്ഥിരീകരിച്ചത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## BIMSTEC- MUSIC FEST

പ്രഥമ ബിംസ്റ്റെക് പരമ്പരാഗത-സംഗീതോത്സവത്തിന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കമാകും. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ പരിപാടി ഉദ്ഘാടനം ചെയ്യും. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്. ഇന്ത്യയ്ക്ക് പുറമെ ബിംസ്ടെക് രാജ്യങ്ങളായ ബംഗ്ലാദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്‌ലൻഡ് എന്നിവിടങ്ങളിൽ നിന്നുള്ളവർ സംഗീത സായാഹ്നത്തിൽ കലാവിരുന്നൊരുക്കും. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് സംഘടിപ്പിക്കുന്ന 'സപ്തസുർ: സെവൻ നേഷൻസ്, വൺ മെലഡി' എന്ന സംഗീതോത്സവം ബിംസ്റ്റെക് രാജ്യങ്ങളുടെ വ്യത്യസ്ത സംഗീത പാരമ്പര്യത്തിന് സാക്ഷ്യം വഹിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## SHIBU SORAN (INTRO)

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും ജാർഖണ്ഡ് മുക്തി മോർച്ച നേതാവുമായ ഷിബു സോറൻ അന്തരിച്ചു. 81 വയസ്സായിരുന്നു. ഒരു മാസത്തിലേറെയായി

ഡൽഹിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 38 വർഷക്കാലം ജാർഖണ്ഡ് മുക്തി മോർച്ചയെ നയിച്ച അദ്ദേഹം ജാർഖണ്ഡിന്റെ മൂന്നാമത്തെ മുഖ്യമന്ത്രിയായിരുന്നു. കേന്ദ്ര മന്ത്രിസഭയിൽ കൽക്കരി മന്ത്രിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു. മുഖ്യമന്ത്രി ഹേമന്ദ് സോറന്റെ പിതാവാണ്. ഷിബു സോറന്റെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. ആദിവാസി സമൂഹങ്ങളെയും, ദരിദ്രരെയും, അടിച്ചമർത്തപ്പെട്ടവരെയും ശാക്തീകരിക്കുന്നതിൽ അദ്ദേഹം പ്രത്യേക താൽപ്പര്യം പ്രകടിപ്പിച്ചിരുന്നുവെന്ന് ശ്രീ.മോദി പറഞ്ഞു. രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവൻഷും ഷിബു സോറന് ആദരാഞ്ജലി അർപ്പിച്ചു.

**(വോയിസ്)**

**&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&**

## RBI -MONETARY POLICY REVIEW

റിസർവ്വ് ബാങ്കിന്റെ മൂന്ന് ദിവസത്തെ പണനയ അവലോകന യോഗം ഇന്ന് ആരംഭിക്കും. യോഗ തീരുമാനങ്ങൾ ആർ.ബി.ഐ ഗവർണർ സഞ്ജയ് മൽഹോത്ര മറ്റന്നാൾ പ്രഖ്യാപിക്കും. തുടർച്ചയായി മൂന്ന് തവണ റിപ്പോ നിരക്കിൽ റിസേർവ് ബാങ്ക് കുറവ് വരുത്തിയിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## PIB -FACT CHECK

ഇന്ത്യയും യു.എസും തമ്മിൽ താരിഫ് സംബന്ധമായ സംഭവവികാസങ്ങളെക്കുറിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്ന തെറ്റായ വാർത്തകൾക്കെതിരെ പി.ഐ.ബി.യുടെ വസ്തുതാ പരിശോധനാ വിഭാഗം മുന്നറിയിപ്പ് നൽകി. വിദേശകാര്യ മന്ത്രാലയത്തിനും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനും എതിരെയാണ് വ്യാജ വാർത്തകൾ പ്രചരിക്കുന്നത് . ഇത്തരം വാർത്തകൾക്കെതിരെ ജാഗ്രത പുലർത്തണമെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## GR ANIL INTRO

സംസ്ഥാനത്ത് വെളിച്ചെണ്ണ വില ഇനിയും കുറയുമെന്ന് മന്ത്രി ജി.ആർ. അനിൽ. ഓണത്തിന് റേഷൻ കാർഡ് □ന്നിന് സബ്സിഡി നിരക്കിൽ സപ്ലൈകോ വഴി രണ്ട് ലിറ്റർ വെളിച്ചെണ്ണ ലഭ്യമാക്കുമെന്ന് അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. വിപണിയിലെത്തുന്ന മായം ചേർത്ത വെളിച്ചെണ്ണ കണ്ടെത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന കർശനമാക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

(വോയിസ്)

**&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&**

## VOTERS LIST

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും ഇനി നാലുദിവസം കൂടി അവസരം. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തുലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈമാസം 30ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

**&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&**

## PM - GREEN HYDROGEN PLANT

ഗുജറാത്തിലെ കാണ്ട്‌ലയിൽ ദീൻദയാൽ തുറമുഖത്ത് ഇന്ത്യയുടെ ആദ്യത്തെ 'മെയ്ക്ക്-ഇൻ-ഇന്ത്യ' ഗ്രീൻ ഹൈഡ്രജൻ പ്ലാന്റ് കമ്മീഷൻ ചെയ്തതിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കാർബൺ പുറന്തള്ളൽ പൂജ്യത്തിലെത്തിക്കുവാനുള്ള രാജ്യത്തിന്റെ ദർശനത്തെ ശക്തിപ്പെടുത്തുന്നതിനുമുള്ള അഭിനന്ദനാർഹമായ ശ്രമമാണിതെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&**

## WEATHER

കേരളത്തിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത തുടരുന്നു.

ഇന്ന് തെക്കു- പടിഞ്ഞാറൻ അറബിക്കടലിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെ ശക്തമായ കാറ്റിനു സാധ്യയുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മൽസ്യ ബന്ധനത്തിനു പോകരുതെന്നും മുന്നറിയിപ്പുണ്ട്. മറ്റന്നാൾ വരെ കന്യാകുമാരി പ്രദേശത്ത് ശക്തമായ കാറ്റിനും

മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## SWELL SURG

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ ഇന്ന് രാത്രി 08.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## IND-ENG TEST

ഓവലിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ അഞ്ചാമത്തെയും അവസാനത്തെയും ടെസ്റ്റ് ആവേശകരമായ അന്ത്യത്തിലേക്ക്. നാലാം ദിവസമായ ഇന്നലെ കളി നിർത്തുമ്പോൾ ഇംഗ്ലണ്ട് ആറ് വിക്കറ്റിന് 339 റൺസ് എടുത്തു. ഇന്ന് ഇന്ത്യയ്ക്കെതിരെ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കുന്ന ഇംഗ്ലണ്ടിന് ജയിക്കാൻ 35 റൺസ് കൂടി മതി; നാലു വിക്കറ്റും ബാക്കിയുണ്ട്. പരമ്പര സമനിലയിലാക്കാൻ ഇന്ത്യയ്ക്ക് ഈ മത്സരത്തിലെ ജയം അനിവാര്യമാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## NATIONAL JUNIOR SWIMMING

41-ാമത് സബ് ജൂനിയർ ദേശീയ നീന്തൽ ചാമ്പ്യൻഷിപ്പിനും 51-ാ മത് ജൂനിയർ ദേശീയ വാട്ടർ പോളോ ആൻഡ് ഡൈവിംഗ് അകാട്ടിക് ചാമ്പ്യൻഷിപ്പിനും ഇ ന്ന് ബെംഗളൂരുവിൽ തുടക്കം. രാജ്യത്തുടനീളമുള്ള 600-ലധികം പേർ പങ്കെടുക്കും. ഇന്നും നാളെയുമായി നടക്കുന്ന നീന്തൽ മത്സരങ്ങളിൽ 22 സംസ്ഥാനങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## FISHERMEN DETAILED

ബംഗാൾ ഉൾക്കടലിൽ ബംഗ്ലാദേശിന്റെ സമുദ്ര മേഖലയിൽ അനധികൃതമായി പ്രവേശിച്ച് മത്സ്യബന്ധനം നടത്തിയതിന് 14 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ബംഗ്ലാദേശ് നാവികസേന കസ്റ്റഡിയിലെടുത്തു.  രു മത്സ്യബന്ധന ട്രോളറും പിടിച്ചെടുത്തു. ശനിയാഴ്ച രാത്രി നാവികസേനയുടെ യുദ്ധക്കപ്പൽ ബിഎൻഎസ് ബിഷ്ഖാലിയാണ് അറസ്റ്റ് ചെയ്തത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## ECI-VP ELECTION

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലുള്ള വിജ്ഞാപനം വ്യാഴാഴ്ച പുറപ്പെടുവിക്കും. വോട്ടെടുപ്പും വോട്ടെണ്ണലും സെപ്റ്റംബർ 9 ന് നടക്കും. ഈ മാസം 21 വരെ പത്രിക സമർപ്പിക്കാം. 22 ന് സൂക്ഷ്മ പരിശോധന നടക്കും. 25 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ടതും, നാമനിർദ്ദേശം ചെയ്യപ്പെട്ടതുമായ അംഗങ്ങൾ, ലോക്സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

എന്നിവർ ഉൾപ്പെടുന്ന ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## BIHAR ACCIDENT

ബീഹാറിലെ ഭഗൽപൂരിൽ തീർത്ഥാടക സംഘം സഞ്ചരിച്ചിരുന്ന വാഹനം അപകടത്തിൽപ്പെട്ട് 5 പേർ മരിച്ചു. ഷാഹ്കുണ്ഡ്-സുൽത്താൻഗഞ്ച് റോഡിൽ വെച്ചാണ് അപകടം. അതിവേഗത്തിൽ വന്ന വാഹനം റോഡിൽ നിന്ന് തെന്നിമാറി ഒരു കുഴിയിലേക്ക് മറിയുകയായിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 261 പോയിന്റ് ഉയർന്ന് 80,861 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 98 പോയിന്റ് നേട്ടത്തിൽ 24,663 ലും വ്യാപാരം തുടരുന്നു.

സ്വർണവിലയിൽ നേരിയ വർദ്ധന. പവന് 40 രൂപ വർദ്ധിച്ച് 74,360 രൂപയും ഗ്രാമിന് 9,295 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&&&